(ഡി) നെതർലാന്റ്, ഡാനിഡ എന്നി രാജ്യങ്ങളിൽ നിന്നും ലഭിച്ച തുക ഗ്രാന്റാണ്. ലോക ബാങ്കിൽ നിന്നും ലഭിച്ച 63.15 കോടി രൂപ വായ്പയാണ്. ഈ വായ്പയ്ക്ക് കേന്ദ്ര സർക്കാർ നല്കേണ്ട പലിശനിരക്ക് 2025 ജൂലായ് ഒന്നു വരെ 0.5 ശതമാനവും അതിനുശേഷം 1.5 ശതമാനവുമാണ്. കൂടാതെ പ്രതിവർഷം 0.75 ശതമാനം പലിശനിരക്കിൽ "സർവീസ്സ് ചാർജ്ജും" അടയ്ക്കേണ്ടതാണ്. ഓരോ അർദ്ധ വർഷവും അടച്ച് തീർത്തത് കഴിച്ചുള്ള തുകയ്ക്കാണ് പലിശ കണക്കാക്കുന്നത്.

(ഇ) ലോകബാങ്ക് വായ്പയുടെ തിരിച്ചടവ് ആരംഭിച്ചിട്ടില്ല. 1996 ജനുവരി ഒന്ന് മുതൽ അർദ്ധ വാർഷിക തവണകളായി അടച്ച് 2035 ജൂലൈ ഒന്നിന് തീർക്കണമെന്നായിരുന്നു വ്യവസ്ഥ. പലിശ തിരിച്ചടക്കേണ്ട സമയം 5 വർഷം കൂടി നീട്ടിയിട്ടുണ്ട്. (2001 ജനുവരി ഒന്നുമുതൽ വായ്പ തിരിച്ചടക്കണം). വായ്പ തിരിച്ചടയ്ക്കേണ്ടത് കേന്ദ്രസർക്കാരാണ്.

ഒ.ഇ.സി.എഫ്. ന്റെ ധനസഹായത്തോടെ നടപ്പാക്കുന്ന ശുദ്ധജലവിതരണ പദ്ധതികൾ

19(922) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. എ. കെ. മണി :
ശ്രീ. കെ.സി. വേണുഗോപാൽ :
ശ്രീ. കെ. മുഹമ്മദാലി :
ശ്രീമതി രാധാരാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒ.ഇ.സി.എഫ്- ന്റെ ധനസഹായത്തോടെ നടപ്പാക്കുന്ന ശുദ്ധജല വിതരണ പദ്ധതികളുടെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ ;

(ബി) കൺസൾട്ടന്റിന്റെ നിയമനം സംബന്ധിച്ച തർക്കം പരിഹരിക്കപ്പെട്ടോ എന്ന് വെളിപ്പെടുത്താമോ ; പരിഹരിക്കപ്പെട്ടെങ്കിൽ അത് ഏത് വിധത്തിലായിരുന്നു എന്നറിയിക്കുമോ ;

(സി) കോടതി ഇക്കാര്യത്തിൽ വിധി പ്രസ്താവിച്ചിട്ടുണ്ടോ ; എങ്കിൽ വിശദ വിവരം നൽകാമോ ;

(ഡി) രണ്ട് ജപ്പാൻ കമ്പനികളെ ലിസ്റ്റിൽ ഉൾപ്പെടുത്തിയത് സംബന്ധിച്ച് ആർക്കെങ്കിലുമെതിരെ നടപടി എടുത്തിട്ടുണ്ടോ ;

(ഇ) ടെന്റർ കമ്മിറ്റി ശുപാർശ ചെയ്ത ഷോർട്ട് ലിസ്റ്റിൽ എത്ര കമ്പനികളെയാണ് ഉൾപ്പെടുത്തിയിരുന്നത് ;

(എഫ്) ആദ്യം ഒ.ഇ.സി.എഫ്. -ന് സമർപ്പിച്ച ലിസ്റ്റിൽ ഉൾപ്പെടുത്തിയ മോണ്ട് ഗോമറി വാട്സൽ എന്ന കമ്പനിക്ക് വേണ്ടി രേഖകൾ സമർപ്പിച്ച കേരളത്തിലെ ഏജന്റ് ആരാണെന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ജി) ഒ.ഇ.സി.എഫുമായി തർക്കമുണ്ടായതുമൂലം പദ്ധതിയുടെ നടത്തിപ്പിൽ എത്ര കാലതാമസമുണ്ടായി എന്ന് വ്യക്തമാക്കാമോ ;

(എച്ച്) ഇനിയും കാലതാമസം കൂടാതെ പദ്ധതി നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 25-2-1997-ൽ ഒ.ഇ.സി.എഫ്. (ഇപ്പോൾ ജെ.ബി.ഐ.സി) ജപ്പാൻ ബാങ്ക് ഓഫ് ഇന്റർനാഷണൽ കോ-ഓപ്പറേഷൻ) ജപ്പാനും കേന്ദ്രസർക്കാരും തമ്മിൽ ഒപ്പുവെച്ച കരാർ പ്രകാരം കേരള വാട്ടർ സ്പ്ലൈ പ്രോജക്ടിൽ ഉൾപ്പെടുത്തിയ 5 ശുദ്ധജലവിതരണ പദ്ധതികൾ നടപ്പാക്കാൻ വായ്പ സഹായം ലഭിക്കുന്നതാണ്. കരാർ അനുസരിച്ച് പദ്ധതി നടത്തിപ്പിന് കൺസൾട്ടന്റിനെ നിയമിക്കേണ്ടതുണ്ട്. ഇതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

(ബി) ഒ.ഇ.സി.എഫ്. അംഗീകരിച്ച 7 കൺസൾട്ടന്റുമാരുടെ ഷോർട്ട് ലിസ്റ്റിൽ നിന്നും എൻകയറി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ രണ്ട് ജപ്പാൻ കമ്പനികളെ ഒഴിവാക്കാനുള്ള കേരള സർക്കാരിന്റെ തീരുമാനം ഒ.ഇ.സി.എഫ്. അംഗീകരിച്ചില്ല. ഒരിക്കൽ അവർ അംഗീകാരം നൽകിയ ഷോർട്ട് ലിസ്റ്റിൽ പിന്നീട് വ്യതിയാനം വരുത്തുന്നത് ഒ.ഇ.സി.എഫ്.-ന് സ്വീകാര്യമല്ലായിരുന്നു. ഇതിനെത്തുടർന്ന് കേരള സർക്കാർ കൺസൾട്ടന്റുമാരുടെ ഷോർട്ട് ലിസ്റ്റ് തയ്യാറാക്കാൻ ഗ്ലോബൽ ടെണ്ടർ ക്ഷണിക്കുവാൻ തീരുമാനിച്ചതും ഒ.ഇ.സി.എഫ്. അംഗീകരിച്ചില്ല. ഒ.ഇ.സി.എഫ്. അധികൃതരും കേരള സർക്കാരും കേന്ദ്ര സർക്കാരും തമ്മിൽ നടന്ന പല കൂടിക്കാഴ്ചകളുടെയും ചർച്ചകളുടെയും ഫലമായി ഒടുവിൽ സർക്കാർ, ഒ.ഇ.സി.എഫ്. അംഗീകരിച്ച 7 കമ്പനികളുടെ ഷോർട്ട് ലിസ്റ്റിന് അനുമതി നൽകുകയും ആ ഷോർട്ട് ലിസ്റ്റ് അനുസരിച്ച് മുൻപ്പോട്ട് പോകാൻ തീരുമാനിക്കുകയും ചെയ്തു.

(സി) കൺസൾട്ടന്റുമാരുടെ ഷോർട്ട് ലിസ്റ്റ് 5 ൽ നിന്നും പിന്നീട് രണ്ട് ജപ്പാൻ കമ്പനികളെ കൂടി ഉൾപ്പെടുത്തി 7 ആക്കി വർദ്ധിപ്പിച്ചതിനെതിരെ ഒരു പൊതുതാല്പര്യഹർജി ഹൈക്കോടതിയിൽ നൽകി. ഈ ഹർജി 1999 നവംബർ മാസം 24-ാം തീയതി ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ സിംഗിൾ ബഞ്ച് തള്ളിക്കളഞ്ഞ് വിധിന്യായം പുറപ്പെടുവിച്ചു. ഒ.ഇ.സി.എഫ്. വായ്പാ സഹായം നൽകുന്നതിൽനിന്നും പിന്തിരിയുമെന്നതിനാലും പരാതിക്കാരന് പ്രായോഗികമായും നടപ്പിലാക്കാൻ സാധിക്കുന്നതുമായ മറ്റൊരു പദ്ധതി ഇതിനുപകരമായി നിർദ്ദേശിക്കാനില്ലാത്തതുകൊണ്ടും കോടതിക്ക് ഇതിൽ ഇടപെടാൻ കഴിയുകയില്ലെന്നും വലിയൊരുഭാഗം ജനങ്ങൾക്ക് കുടിവെള്ളം നൽകുന്ന ഈ വികസന പദ്ധതിക്ക് പൂർണ്ണ വിരാമമിടുംവിധം ഇടപെടുന്നത് ശരിയല്ലായെന്ന നിഗമനത്തിലുമാണ് ഹൈക്കോടതിയുടെ സിംഗിൾ ബഞ്ച് എത്തിച്ചേർന്നത്. മേൽ വിധിക്കെതിരെ ഹർജിക്കാരൻ ഡിവിഷൻ ബഞ്ചിന് അപ്പീൽ നൽകി. ഡിവിഷൻ ബഞ്ച് ഈ റിട്ട് അപ്പീൽ 1999 ഡിസംബർ 18-ന് തള്ളിക്കൊണ്ട് വിധി ന്യായം

LIBRARY ARCHIVES Kerala Legislative Assembly

പുറപ്പെടുവിച്ചു. കോടതിയുടെ യാതൊരുവിധ ഇടപെടലുകളും ആവശ്യമില്ലെന്ന് പറഞ്ഞാണ് അപ്പീൽ തള്ളിയത്. മേൽ വിധിയ്ക്കെതിരെ ഹർജിക്കാരൻ സുപ്രീം കോടതിയിൽ സ്പെഷ്യൽ ലീവ് പെറ്റിഷൻ ഫയൽ ചെയ്തു. ബഹുമാനപ്പെട്ട സുപ്രീം കോടതി 17-1-2000 ത്തിന് ഈ ഹർജിയും തള്ളി.

(ഡി) ഇല്ല.

(ഇ) അഞ്ച് കമ്പനികളെയാണ് ടെന്റർ കമ്മിറ്റി ഷോർട്ട് ലിസ്റ്റിൽ ഉൾപ്പെടുത്തിയിരുന്നത്.

(എഫ്) മോണ്ട് ഗോമറി വാട്ട്സന്റെ യു.കെ.യിലുള്ള ഓഫീസുമായാണ് കേരള വാട്ടർ അതോറിറ്റി കത്തിടപാട് നടത്തുന്നത്.

(ജി) 1997 ഒക്ടോബർ മാസത്തോടെ പദ്ധതിയുടെ കൺസർട്ടന്റിന്റെ നിയമനം പൂർത്തിയാക്കാനായിരുന്നു നിശ്ചയിച്ചിരുന്നത്. രണ്ട് വർഷവും മൂന്നു മാസവും കൺസൾട്ടന്റിന്റെ നിമയനത്തിൽ ഇതുവരെ കാലതാമസമുണ്ടായി.

(എച്ച്) ഒ.ഇ.സി.എഫുമായി കരാർ പ്രകാരം പദ്ധതി നടത്തിപ്പിന് കൺസൾട്ടന്റിനെ നിയമിക്കേണ്ടതുണ്ട്. കൺസൾട്ടന്റിനെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ കൺസൾട്ടന്റിന്റെ നിയമനത്തിനുശേഷം ആരംഭിക്കുന്നതാണ്.

വെള്ളക്കരം വർദ്ധന

20(T923) ശ്രീ. ഇ. എം. അഗസ്തി:
ഡോ. എം. എ. കുട്ടപ്പൻ :
ശ്രീ. വി. ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എപ്പോഴെല്ലാം വെള്ളക്കരം പുതുക്കി നിശ്ചയിച്ചിട്ടുണ്ട് ;

(ബി) വെള്ളക്കരം പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ് ;

(സി) ഓരോ പ്രാവശ്യവും വെള്ളക്കരം പുതുക്കി നിശ്ചയിക്കുമ്പോൾ അത് ബന്ധപ്പെട്ട ഉപഭോക്താക്കളെ അറിയിക്കാറുണ്ടോ ;

(ഡി) എങ്കിൽ എപ്രകാരമെന്ന് വിശദീകരിക്കുമോ ?

ഉത്തരം

(എ) 1-4-1999 മുതൽ ഒരു പ്രാവശ്യം.

(ബി) 1-6-1993 മുതൽ ഓരോവർഷവും 15% നിരക്ക് വർദ്ധന സർക്കാർ അംഗീകരിച്ചിട്ടുണ്ട്. എങ്കിലും 1-6-1994 ൽ മാത്രമേ ഇപ്രകാരം നിരക്ക് വർദ്ധന

T- മാറ്റിവയ്ക്കപ്പെട്ട ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly